


# പ്ലാച്ചിമടയിൽ നിർദ്ദേശിക്കപ്പെടുന്ന മാമ്പഴചാർ ഫാക്ടറി പ്ലാച്ചിമട സമരത്തിന് ന്യായമായ പരിഹാരമാകുമോ?

പ്ലാച്ചിമടയിലെ കൊക്കകോള കമ്പനിമൂലം ഉണ്ടായ കുടിവെള്ള മലിനീകരണത്തിനും കൃഷിവെള്ള ശോഷണത്തിനും പരിസ്ഥിതി നാശത്തിനുമെതിരായ പ്ലാച്ചിമട സമരം ഏഴാം വർഷത്തിലേക്ക് നീളുകയാണല്ലോ. ഇതിനിടയിൽ പ്ലാച്ചിമടയിൽ ഒരു മാമ്പഴചാർ ഫാക്ടറി നിർമ്മിച്ചുകൊണ്ട് പ്ലാച്ചിമട പ്രശ്നം പരിഹരിക്കാമോയെന്ന നിർദ്ദേശം പ്ലാച്ചിമട സമരപ്രവർത്തകരുടെ മുമ്പാകെ അവതരിപ്പിക്കപ്പെട്ടിരിക്കുകയാണ്. പ്ലാച്ചിമട സമരത്തെ സംബന്ധിച്ച് ഇത് ന്യായമായ പരിഹാരമാണോ എന്നാണ് ഇവിടെ ആലോചിക്കപ്പെടേണ്ടത്.

ആറു മാസങ്ങൾക്കുമുമ്പാണ് കേരള വ്യവസായവകുപ്പുമന്ത്രി എളമരം കരീം പറഞ്ഞതനുസരിച്ച് എന്ന് പറഞ്ഞുകൊണ്ട് ചിറ്റൂർ മുൻ എം.എൽ.എ. കെ. കൃഷ്ണൻകുട്ടിയും ചിറ്റൂർ എം.എൽ.എ. കെ. അച്യുതനും, മേൽപറഞ്ഞ നിർദ്ദേശം ആദ്യമായി സമരനേതാക്കളെ അറിയിച്ചത്. പിന്നീട് രണ്ടുമാസം കഴിഞ്ഞ് എം.പി. വീരേന്ദ്രകുമാർ വിളയോടി വേണുഗോപാലിനോട് ഇക്കാര്യം പറഞ്ഞു. വീരേന്ദ്രകുമാർ പറഞ്ഞത് കൊക്കകോളയുടെ ഉന്നത ഉദ്യോഗസ്ഥൻ ദില്ലിയിൽ തന്നെ വന്നുകണ്ടിരുന്നുവെന്നും പ്ലാച്ചിമടയിൽ കൊക്കകോള ഇനി ഉല്പാദിപ്പിക്കില്ലെന്നും പ്രശ്നബാധിതരായവർക്ക് നഷ്ടപരിഹാരം നല്കാമെന്നും ഒരുതുള്ളി ഭൂജലം പോലും പ്ലാച്ചിമടയിൽനിന്ന് എടുക്കാതെ പ്രദേശത്തെ മാങ്ങ കർഷകരിൽനിന്നും മാങ്ങ ശേഖരിച്ച് മാമ്പഴചാർ ഉണ്ടാക്കുന്ന ഫാക്ടറി സ്ഥാപിക്കാമെന്നും പ്രദേശവാസികൾക്ക് ഫാക്ടറിയിൽ ജോലി നല്കാമെന്നും അറിയിച്ചിട്ടുണ്ടെന്നാണ്. രണ്ടാഴ്ച മുമ്പ് പെരുമാട്ടി പഞ്ചായത്തിലെ ചില വാർഡ് മെമ്പർമാർ പ്ലാച്ചിമട സമരം ഇങ്ങിനെ നീണ്ടുപോയാൽ പറ്റില്ലെന്നും മറ്റു പഞ്ചായത്തുകളിൽ വികസനം നടക്കുമ്പോൾ ഈ പഞ്ചായത്തിൽ മാത്രം വികസനം നടക്കാതെ വരരുതെന്നും സമരപ്രവർത്തകർ സമ്മതിക്കുന്നില്ലെങ്കിൽ പ്ലാച്ചിമടയിൽ മാമ്പഴചാർ ഫാക്ടറി തുടങ്ങാൻ തങ്ങൾ വേറെ വഴി നോക്കുമെന്നും ചില സമരപ്രവർത്തകരോട് പറഞ്ഞു. മാത്രമല്ല, തൃശൂർ ജില്ലയിലെ 'കർഷകമുന്നേറ്റം' എന്ന ജനകീയ സംഘടന പ്ലാച്ചിമടയിൽ സമരം ശക്തിപ്പെടുത്താനും കൊക്കകോള കമ്പനി ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ട് സഹകരണമേഖല അടിസ്ഥാനത്തിൽ മാമ്പഴചാർ ഫാക്ടറി ബദൽ പദ്ധതിയായി ഉയർത്തിപ്പിടിച്ചും 2008 ജനുവരി ആദ്യവാരത്തിൽ പ്ലാച്ചിമടയിൽ സമരമാരംഭിക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

പ്ലാച്ചിമട സമരത്തിന് പരിഹാരമായി മാമ്പഴചാർ ഫാക്ടറി സ്ഥാപിക്കുന്നതിലെ ന്യായാന്യായങ്ങൾ ആലോചിക്കുന്നതിന് പ്ലാച്ചിമട സമരപ്രവർത്തകർ നിർബന്ധിതരായിരിക്കുന്നതിന്റെ പശ്ചാത്തലം ഇതാണ്.

2002 ഏപ്രിൽ 22 ന് പ്ലാച്ചിമടസമരം ആരംഭിക്കുമ്പോൾ സമരപ്രവർത്തകർ ഉന്നയിച്ച 4 പ്രശ്നങ്ങൾ എല്ലാവർക്കും അറിവുള്ളതാണ്.

**(1) പ്ലാച്ചിമട കൊക്കകോള കമ്പനിയിലെ പാഴ്ജലംമൂലം പരിസരത്തെ കിണറുകളിലെ കുടിവെള്ളം മലിനപ്പെട്ടു.**

**(2) കൊക്കകോള കമ്പനിയുടെ അമിതമായ ജലോപയോഗംമൂലം പരിസരത്ത് കൃഷിവെള്ളക്ഷാമം നേരിടുന്നു.**

**(3) പ്ലാച്ചിമട കൊക്കകോള കമ്പനിയിലെ പാഴ്ജലവും ഖരമാലിന്യവും മൂലം പരിസരവാസികൾക്ക് ആരോഗ്യപ്രശ്നങ്ങളും കൃഷിനാശവും മറ്റ് പരിസ്ഥിതി നാശവും ഉണ്ടാകുന്നു.**

**(4) കുടിവെള്ളം കൃഷിവെള്ളം തുടങ്ങിയ അടിസ്ഥാനവിഭവങ്ങൾ നശിപ്പിച്ച് വികസനത്തിന്റെ പേരിൽ കൊക്കകോള പോലുള്ള ബഹുരാഷ്ട്ര കുത്തകകൾ കടന്നുവരുന്നത് പ്രതിരോധിക്കാൻ പൗരന്മാർക്ക് അവകാശമുണ്ട്.**

പ്ലാച്ചിമട സമരപ്രവർത്തകർ ഉന്നയിച്ച പ്രശ്നങ്ങൾക്കൊന്നും കൊക്കകോള ഇതുവരെ മറുപടി നല്കിയിട്ടില്ല. പക്ഷേ, കോടതികളിലും മറ്റു ഔദ്യോഗിക സ്ഥാപനങ്ങൾക്കു നൽകിയ മറുപടികളിലും തങ്ങൾ മൂലം പ്ലാച്ചിമടയിൽ കുടിവെള്ള മലിനീകരണമോ കൃഷിവെള്ള ശോഷണമോ പരിസ്ഥിതി നാശമോ ഉണ്ടായിട്ടില്ലെന്നാണ് അവർ ആവർത്തിച്ചു പറയുന്നത്.

പക്ഷേ സമരപ്രവർത്തകർ പ്ലാച്ചിമടയിൽ ഉന്നയിച്ച കുടിവെള്ള മലിനീകരണവും കൃഷിവെള്ള ശോഷണവും പരിസ്ഥിതി നാശവും ഔദ്യോഗിക സ്ഥാപനങ്ങളും അനൗദ്യോഗിക സ്ഥാപനങ്ങളും മറ്റും ശരിവെക്കുകയുണ്ടായി. ഉദാഹരണത്തിന് കേരള ഭൂജലവകുപ്പ് 2006 മെയിൽ ഇറക്കിയ റിപ്പോർട്ടിൽ പ്ലാച്ചിമടയിലെ കുടിവെള്ള മലിനീകരണം കൊക്കകോള കമ്പനിയിൽനിന്നുള്ള പാഴ്ജലം മൂലമാണെന്ന് പറയുന്നുണ്ട്. പ്ലാച്ചിമടയിലെ വിജയനഗർ കോളനിയിലെ കുടിവെള്ളം കാഡ്മിയം തുടങ്ങിയ ഖനലോഹങ്ങളാൽ മലിനപ്പെട്ടിരിക്കുന്നുവെന്ന് 2003 ജൂലായ് 25 ന് ബി.ബി.സി. റേഡിയോ ഫോർ റിപ്പോർട്ട് ചെയ്തത് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ശരിവെക്കുകയും ഇതിന്റെ പേരിൽ കമ്പനിയ്ക്ക് അടച്ചുപൂട്ടൽ ഉത്തരവ് നല്കുകയും ചെയ്തിട്ടുണ്ട്. കാഡ്മിയം, ലെഡ് തുടങ്ങിയ മാരക വിഷപദാർത്ഥങ്ങൾ മൂലം ഒരു പ്രദേശത്തെ കുടിവെള്ളം മലിനമാക്കപ്പെടുന്നത് കുറ്റകൃത്യമായി തന്നെയാണ് കരുതപ്പെടുന്നത്. പ്ലാച്ചിമടയിൽ കൊക്കകോള മൂലമുണ്ടായ കൃഷിയുടെ ശോഷണത്തെക്കുറിച്ച് കേരള ഹൈക്കോടതി വിദഗ്ദ്ധ സമിതി നടത്തിയ കണ്ടെത്തലുകൾ കമ്പനിയോട് പക്ഷപാതിത്വം കാണിക്കുന്നതാണെന്ന് വിവിധ വിദഗ്ദ്ധർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, കൊക്കകോള കമ്പനി പ്ലാച്ചിമടയിൽ ഫാക്ടറി സ്ഥാപിക്കുമ്പോൾ വ്യവസായ വകുപ്പിന് നല്കിയ അപേക്ഷയിൽ അനുബന്ധിച്ചിരിക്കുന്ന പദ്ധതിരേഖ പ്രകാരമുള്ള വിവരങ്ങൾ വെച്ചുനോക്കിയാലും കമ്പനിയ്ക്ക് അറിയാതെപറ്റിയ അബദ്ധമല്ല പ്ലാച്ചിമടയിൽ ഉണ്ടായ പ്രശ്നങ്ങൾ എന്ന് കാണാവുന്നതാണ്. എന്നുവെച്ചാൽ കുടിവെള്ള മലിനീകരണവും കൃഷിവെള്ള ശോഷണവും പരിസ്ഥിതി നാശവും ഉണ്ടാകുമെന്ന് മുൻകൂട്ടി അറിയാമായിരുന്നിട്ടും 1500 പേർ തിങ്ങിപ്പാർക്കുന്ന രണ്ട് കോളനികൾക്കിടയിൽ ഫാക്ടറി സ്ഥാപിച്ചുവെന്നത് സാമൂഹികമായ വലിയ അപരാധം തന്നെയാണ്. മലിനീകരണ നിയമങ്ങൾപ്രകാരം ഇത് കുറ്റകരവുമാണ്.

ഇത്രയേറെ തെളിവുകൾ ലഭ്യമായിട്ടും നിലവിലുള്ള ജനാധിപത്യ വ്യവസ്ഥയിൽ കൊക്കകോള കമ്പനി കുറ്റവിചാരണ ചെയ്യപ്പെടാതെ പോയി. കോർപ്പറേറ്റ് കമ്പനികൾക്കെതിരെ ജനപക്ഷ ഗവൺമെന്റ് നടപടിയെടുക്കാതിരിക്കുന്നത് ആഗോളതയുടെ കാലത്ത് കോർപ്പറേറ്റുകൾ ഗവൺമെന്റുകൾക്കുമേൽ ഭരണം നടത്തുന്നു എന്ന വീക്ഷണം പ്ലാച്ചിമടയിലും സാധൂകരിക്കപ്പെടുന്നതുകൊണ്ടാകാം ഇത്. ഈ അർത്ഥത്തിൽ രാഷ്ട്രീയാധീശത്വം കൊണ്ട് കുറ്റവിചാരണ ചെയ്യപ്പെടാത്ത കുറ്റവാളിയാണ് പ്ലാച്ചിമടയിലെ കൊക്കകോള. അതുകൊണ്ട് കുറ്റകൃത്യം കൊണ്ട് പ്രശ്നബാധിതരായവർക്ക് കുറ്റവാളികൾ തന്നെ നിർദ്ദേശിക്കുന്ന പരിഹാരമാണ് പ്ലാച്ചിമട **യിലെ മാമ്പഴചാർ ഫാക്ടറി. നിർദ്ദേശിക്കപ്പെട്ട ഈ പ്രശ്നപരിഹാരത്തിന് തങ്ങൾക്ക് പ്ലാച്ചിമടയിൽ തെറ്റ് സംഭവിച്ചിട്ടുണ്ടെന്നോ അത് ന്യായമായി പരിഹരിക്കുവാൻ തങ്ങൾ തയ്യാറാണെന്നോ എന്നുള്ള കാര്യം അടങ്ങിയിട്ടില്ല. നിസ്സഹായരാക്കപ്പെട്ട പ്രശ്നബാധിതരെ തൊഴിൽമോഹങ്ങൾ നല്കി കീഴ്പ്പെടുത്തുകയും അവരുടെ പ്രതിരോധം ഒതുക്കിക്കളയുകയും കുറ്റകൃത്യങ്ങൾ മറച്ചുവെച്ച് തങ്ങളുടെ അന്തസ്സ് വർദ്ധിപ്പിക്കുകയും കോർപ്പറേറ്റ് വാഴ്ച പു:സ്ഥാപിക്കുകയും ചെയ്യുക എന്നതാണ് പ്ലാച്ചിമടയിലെ മാമ്പഴചാർ ഫാക്ടറി പരിഹാരത്തിലൂടെ സാധിക്കാൻ പോകുന്നത്. അതുകൊണ്ട് നിർദ്ദേശിക്കപ്പെട്ട മാമ്പഴചാർ ഫാക്ടറി പരിഹാരം പ്ലാച്ചിമട സമരത്തിന് ന്യായമായ പരിഹാരമല്ല.**

പ്ലാച്ചിമട സമരത്തിന് ന്യായമായ പരിഹാരം എന്താകാമെന്ന് ആലോചിക്കുന്നത് ഈ ഘട്ടത്തിൽ പ്രധാനമാകാം. പ്ലാച്ചിമടയിൽ കൊക്കകോള കമ്പനി മൂലം കുടിവെള്ള മലിനീകരണവും കൃഷിവെള്ള ശോഷണവും പരിസ്ഥിതി നാശവും ഉണ്ടായിട്ടുണ്ടെന്നും സ്ഥാപിക്കപ്പെട്ടിട്ടുണ്ട് എന്നിരിക്കെ കൊക്കകോളകമ്പനി തെറ്റ് സമ്മതിക്കുക എന്നതുതന്നെയാണ് ന്യായമായ പരിഹാരത്തിന്റെ ആദ്യപടി പ്ലാച്ചിമടയിൽ നിർമ്മലിനീകരണം നടത്തുകയും പ്രശ്നബാധിതരായവർക്ക് അർഹമായ നഷ്ടപരിഹാരം നല്കുകയും ചെയ്യുക എന്നതാണ് രണ്ടാമത്തെ നടപടി. കുടിവെള്ള മലിനീകരണവും കൃഷിവെള്ള ശോഷണവും ഉണ്ടാക്കാതെ കമ്പനിയ്ക്ക് പ്ലാച്ചിമടയിൽ പ്രവർത്തിക്കാനാകില്ലായെന്നതുകൊണ്ട് കമ്പനി പ്ലാച്ചിമടയിൽനിന്ന് പുറത്തുപോകുകയെന്നതാണ് മൂന്നാമത്തെ നടപടി. സാമൂഹിക ഉത്തരവാദിത്വത്തിൽ

സ്വയം വിശ്വസിക്കുന്നുണ്ടെങ്കിൽ ഇവയെല്ലാം കൊക്കകോള കമ്പനിയ്ക്ക് സ്വയം നടപ്പിലാക്കാവുന്ന പരിഹാരങ്ങളാണ്. ജനാധിപത്യ ഭരണ സംവിധാനത്തിൽ പക്ഷേ, പ്ലാച്ചിമട അനുഭവം ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ ആവശ്യമാണ്. ജനങ്ങൾക്ക് പരമാധികാരമുള്ള രാഷ്ട്രമായി ഇന്ത്യ സങ്കല്പിക്കപ്പെടുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ അതല്ലാ എന്ന് പ്ലാച്ചിമട സമരവും നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ട് കുടിവെള്ളം, കൃഷിവെള്ളം, ആരോഗ്യം, മനുഷ്യാന്തസ്സ് തുടങ്ങിയ ജീവനോപാധികൾ സംരക്ഷിക്കാൻ ഗ്രാമസഭകൾക്ക് പരമാധികാരം നല്കുക എന്നതാണ് പ്ലാച്ചിമട പ്രശ്നത്തിന് ജനാധികാരപരമായ ശാശ്വത പരിഹാരം.

പ്ലാച്ചിമട സമരത്തിന് ന്യായമായ പരിഹാരങ്ങൾ അന്വേഷിക്കുമ്പോൾ പ്ലാച്ചിമട കൊക്കകോള കമ്പനി മൂലം പരിസരത്ത് കുടിവെള്ള മലിനീകരണവും കൃഷിവെള്ള ശോഷണവും പരിസ്ഥിതി നാശവും ഉണ്ടായിയെന്നത് സ്ഥാപിക്കപ്പെട്ടിട്ടുണ്ട് എന്ന മുൻധാരണയെ അടിസ്ഥാനമാക്കുന്നുണ്ട്. ഇത് സ്ഥാപിക്കപ്പെട്ടിട്ടില്ല എന്ന് കൊക്കകോള കമ്പനിയോ മറ്റോ കരുതുന്നുണ്ടെങ്കിൽ പുന:പരിശോധന ആവശ്യപ്പെടുകയെന്നതാണ് ന്യായമായ പരിഹാരത്തിന്റെ ആദ്യപടി. ഏഴ് വർഷങ്ങളായിട്ടും കൊക്കകോളയുടെ ഭാഗത്തുനിന്ന് ഇത്തരമൊരു ആവശ്യം ഉണ്ടായിട്ടില്ല. പകരം ഔദ്യോഗിക സ്ഥാപനങ്ങളെയും കോടതികളെയും സാമൂഹ്യ പ്രമുഖരെയും സ്വാധീനിച്ച് കപട റിപ്പോർട്ടുകൾ സമ്പാദിക്കുകയും കപട വാദങ്ങൾ പ്രചരിപ്പിക്കുകയും മലിനീകരണ കുറ്റങ്ങളിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുകയുമാണ് കമ്പനി ചെയ്തുവരുന്നത്. ഇതുകൊണ്ടുതന്നെയാണ് പ്ലാച്ചിമടയിലെ മാമ്പഴ ഫാക്ടറി പരിഹാര നിർദ്ദേശത്തിന്റെ ന്യായന്യായ ചിന്തകളുടെ പ്രാധാന്യം ഏറുന്നതും. അറിഞ്ഞുകൊണ്ട് കുറ്റകൃത്യങ്ങൾ ചെയ്യുകയും അവ മറച്ചുവെച്ച് ജനങ്ങളുടെമേൽ അന്തസ്സോടെ വാഴാനുള്ള കോർപ്പറേറ്റ് കുറ്റവാസനയെയാണ് പ്ലാച്ചിമട സമരക്കാരോട് മറന്നുകളയാൻ സാമൂഹിക പ്രമുഖർ ആവശ്യപ്പെടുന്നത്.

പ്ലാച്ചിമട പ്രശ്നത്തിന്റെ പരിഹാരത്തെ സംബന്ധിച്ച ന്യായഅന്യായ ആലോചനകൾക്കിടയിൽ ഇനിയൊരു സാധ്യത ആലോചിക്കേണ്ടതുണ്ട്. കൊക്കകോള കമ്പനി അവകാശപ്പെടുന്നതുപോലെ പ്ലാച്ചിമടയിൽ കമ്പനി മൂലം മലിനീകരണം ഉണ്ടായിട്ടില്ലായെന്ന് സ്ഥാപിക്കപ്പെട്ടുവെന്ന് കരുതുക. എങ്കിൽ വേണ്ടത്ര സാമൂഹിക-സാമ്പത്തിക-പരിസ്ഥിതി ആഘാതപഠനങ്ങൾ നടത്തിയശേഷം മാമ്പഴ ഫാക്ടറി സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം. ഇനി പ്ലാച്ചിമടയിൽ കൊക്കകോള കുറ്റമേറ്റുപറയുകയും അർഹമായ നഷ്ടപരിഹാരങ്ങൾ നല്കി പ്ലാച്ചിമടയിൽനിന്ന് പുറത്തുപോകുകയും ചെയ്താലോ? എങ്കിൽ അത് കഴിഞ്ഞശേഷം പ്ലാച്ചിമടയിൽ മാമ്പഴ ചാർ ഫാക്ടറി സ്ഥാപിക്കുന്നതിനെക്കുറിച്ച് പ്ലാച്ചിമട വാസികൾ ആലോചിച്ച് തീരുമാനിക്കട്ടെയെന്നത് ന്യായമായ പരിഹാരമാകും.

സംസ്ഥാന ഗവൺമെന്റുകളുടെ നിരുത്തരവാദിത്വം കൊണ്ടും രാഷ്ട്രീയ പാർട്ടികളുടെ ഉദാസീനത കൊണ്ടും സാമൂഹ്യ പ്രവർത്തനത്തിലെ പ്രാപ്തി കുറവുകൊണ്ടും പ്ലാച്ചിമട സമരം നിസ്സഹായാവസ്ഥയിൽ എത്തിനില്ക്കുകയാണ്. സമരപ്രവർത്തകരുടെ നിസ്സഹായസ്ഥിതിയിൽനിന്ന് നേട്ടങ്ങളുണ്ടാക്കണമെന്ന് കരുതിയാകണം കൊക്കകോള ഈ പരിഹാര നിർദ്ദേശം മുന്നോട്ടുവെച്ചത്. പക്ഷേ സാമൂഹ്യപ്രവർത്തകരുടെ സമ്മർദ്ദത്തിനിടയിൽ തങ്ങളുടെ അന്തസ്സ് കെടുത്തിയവർക്കെതിരെ വീണ്ടും അന്തസ്സുകെട്ട് കീഴടങ്ങണോ അതോ ഉത്തരവാദിത്വമില്ലാത്ത ജനപക്ഷ ഗവൺമെന്റുകൾക്കും ഉദാസീനമായ രാഷ്ട്രീയ പാർട്ടികൾക്കുംമീതെ തങ്ങളുടെ പ്രാപ്തി വർദ്ധിപ്പിച്ച് പ്രതിരോധത്തിലേർപ്പെടണമോ എന്നതാണ് പ്ലാച്ചിമട സമരപ്രവർത്തകർക്ക് ഈ ഘട്ടത്തിൽ തെരഞ്ഞെടുക്കാനുള്ളത്. ഇത് സമരപ്രവർത്തകർ തീരുമാനിക്കട്ടെ.

പ്ലാച്ചിമട സമരം എത്തിനിൽക്കുന്ന ഈ ഗതികേട് കേരളത്തിൽ വരാനിരിക്കുന്ന സാമൂഹിക രാഷ്ട്രീയ ജീവിതത്തിലേക്ക് വലിയൊരു ചൂണ്ടുപലകയാണ്. പ്രശ്നബാധിതരായ ജനങ്ങൾ ഉന്നയിച്ച കാര്യങ്ങൾക്ക് പരിഹാരം കാണാൻ ഗവൺമെന്റുകൾ അശക്തമാണെന്നും പ്ലാച്ചിമടയിലും വെളിപ്പെടുകയാണല്ലോ. പ്ലാച്ചിമട സമരത്തെ രാഷ്ട്രീയ പാർട്ടികൾ പിന്തുണച്ചിട്ട് വർഷങ്ങളായെങ്കിലും സമരം ഉന്നയിച്ച പ്രശ്നങ്ങൾക്ക് യഥാർത്ഥ പരിഹാരം കാണാൻ അവരും വിമുഖരാണെന്നും പ്ലാച്ചിമടയിൽ തെളിയിക്കപ്പെടുന്നുണ്ടല്ലോ. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ജനാധിപത്യ ഭരണ സംവിധാനങ്ങളും സംഘടിത ശക്തികളും പരാജയപ്പെടുമ്പോൾ കോർപ്പറേറ്റ് ശക്തികളുടെ വാഴ്ച ജനങ്ങൾക്കുമേൽ വീണ്ടും മേൽക്കൈ നേടുന്നു എന്നതാണ് പ്ലാച്ചിമട സമരം മാമ്പഴചാർ ഫാക്ടറി സ്ഥാപിച്ച് പരിഹരിക്കുവാൻ ശ്രമിക്കുമ്പോൾ പ്ലാച്ചിമട കേരളത്തിന് നല്കുന്ന പാഠം.

*With best compliments from*

**CENTRE FOR POST GRADUATE STUDIES**

**P.G. Centre**

**North Bus Stand, Thrissur-20.**

Ph : 2338983, 6950675 e-mail : pgcentre.tsr@gmail.com